**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 286** **22-06-2026-ൽ മറുപടിയ്ക്ക്**

**ലൈഫ് ഭവന പദ്ധതി-പാറശ്ശാല മണ്ഡലം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** ലൈഫ് ഭവന പദ്ധതി ആരംഭിച്ചത് മുതൽ ഇതുവരെ പാറശ്ശാല നിയമസഭാ മണ്ഡലത്തിൽ എത്ര ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

**മറുപടി:** ലൈഫ് ഭവനപദ്ധതി ആരംഭിച്ചത് മുതൽ 15.06.2026 വരെ പാറശ്ശാല നിയമസഭാ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 6,676 ഗുണഭോക്താക്കൾ ഭവന നിർമ്മാണ ധനസഹായത്തിനായി കരാറിലേർപ്പെട്ടിട്ടുണ്ട്.

**(ബി)** പ്രസ്തുത മണ്ഡലത്തിൽ ഇതുവരെ എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് താക്കോൽ കൈമാറിയിട്ടുണ്ട്; പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

**മറുപടി:** 15.06.2026 വരെ 6676 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ചതിൽ 5,564 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനം തിരിച്ചുള്ള വിവരം അനുബന്ധം ആയി ചേർക്കുന്നു

**(സി)** നിലവിൽ എത്ര വീടുകളുടെ നിർമ്മാണമാണ് വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുകൊണ്ടിരിക്കുന്നത്; നിർമ്മാണം തടസ്സപ്പെട്ട വീടുകൾ ഉണ്ടെങ്കിൽ അവ പൂർത്തിയാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

**മറുപടി:** നിലവിൽ 1,112 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. തദ്ദേശ സ്ഥാപനം തിരിച്ചുള്ള വിവരം അനുബന്ധം ആയി ചേർക്കുന്നു. നിർമ്മാണം തടസ്സപ്പെട്ട വീടുകളുടെ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അത്തരം വീടുകൾ ശ്രദ്ധയിൽപ്പെട്ടാൽ അവയുടെ നിർമ്മാണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലിലൂടെ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**(ഡി)** ഭൂമിയില്ലാത്ത ഭവനരഹിതർക്കായി പാറശ്ശാല മണ്ഡലത്തിൽ പുതിയ ലൈഫ് ഭവന സമുച്ചയങ്ങൾ (Life Towers)നിർമ്മിക്കാൻ പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കാമോ?

**മറുപടി:** ഈ വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

| തദ്ദേശ സ്വയംഭരണ സ്ഥാപനം | കരാറിലേർപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം | ഭവനനിർമ്മാണം പൂർത്തീകരിച്ച വീടുകളുടെ എണ്ണം | നിർമ്മാണ പുരോഗതിയിലുള്ള വീടുകളുടെ എണ്ണം |
|---|---|---|---|
| അമ്പൂരി | 560 | 469 | 91 |
| ആര്യങ്കോട് | 597 | 543 | 54 |
| കള്ളിക്കാട് | 352 | 251 | 101 |
| കൊല്ലയിൽ | 804 | 608 | 196 |
| കുന്നത്തുകാൽ | 1126 | 775 | 351 |
| ഒറ്റശ്ശേഖരമംഗലം | 508 | 493 | 15 |
| പാറശ്ശാല | 1095 | 1017 | 78 |
| പെരുങ്കടവിള | 551 | 465 | 86 |
| വെള്ളറട | 1083 | 943 | 140 |
| **ആകെ** | **6676** | **5564** | **1112** |

**അനുബന്ധം**

| തദ്ദേശ സ്വയംഭരണ സ്ഥാപനം | കരാറിലേർപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം | ഭവനനിർമ്മാണം പൂർത്തീകരിച്ച വീടുകളുടെ എണ്ണം | നിർമ്മാണ പുരോഗതിയിലുള്ള വീടുകളുടെ എണ്ണം |
|---|---|---|---|
| അമ്പൂരി | 560 | 469 | 91 |
| ആര്യങ്കോട് | 597 | 543 | 54 |
| കള്ളിക്കാട് | 352 | 251 | 101 |
| കൊല്ലയിൽ | 804 | 608 | 196 |
| കുന്നത്തുകാൽ | 1126 | 775 | 351 |
| ഒറ്റശ്ശേഖരമംഗലം | 508 | 493 | 15 |
| പാറശ്ശാല | 1095 | 1017 | 78 |
| പെരുങ്കടവിള | 551 | 465 | 86 |
| വെള്ളറട | 1083 | 943 | 140 |
| **ആകെ** | **6676** | **5564** | **1112** |